തൃശ്ശൂർ ജില്ലയിലെ ആദിവാസികൾക്ക് വിതരണം ചെയ്ത ഭൂമി

68 [2453] *ശ്രീ. എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ആദിവാസികൾക്ക് ഭൂമി നൽകുന്നതിന് ആവശ്യത്തിന് ഭൂമി ലഭ്യമായിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ഏക്കർ ഭൂമി ലഭ്യമായിട്ടുണ്ടെന്നും അത് എവിടെയെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) തൃശ്ശൂർ ജില്ലയിൽ എത്ര ആദിവാസി കുടുംബങ്ങൾക്ക് ഇതിനകം ഭൂമി അനുവദിച്ചുവെന്നും എത്ര ഭൂമിവീതമാണ് അനുവദിച്ചതെന്നും വിശദമാക്കാമോ?

ഉത്തരം

(എ) & (ബി) തൃശ്ശൂർ ജില്ലയിലെ മുഴുവൻ ആദിവാസികൾക്കും വിതരണം ചെയ്യാൻ ആവശ്യമായ ഭൂമി ലഭ്യമായിട്ടില്ല. എന്നാൽ തലപ്പിള്ളി താലൂക്കിലെ 5.68 ഏക്കർ, ആനമല സൊസൈറ്റിയിലെ 166 ഏക്കർ, ഷോളയാർ ഗിരിജൻ സഹകരണ സംഘത്തിലെ 203 ഏക്കർ എന്നീ ഭൂമികളാണ് വിതരണത്തിന് ഇതുവരെ ലഭ്യമാക്കിയിട്ടുള്ളത്.

(സി) തൃശ്ശൂർ ജില്ലയിൽ ഇതിനകം 20 ആദിവാസി കുടുംബങ്ങൾക്ക് 25 സെന്റ് ഭൂമിവീതം ആദിവാസി പുനരധിവാസ വികസന മിഷൻമുഖേന അനുവദിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ ട്രൈബൽ ഹെൽത്ത് പ്രോജക്ട്

69 [2454] *ശ്രീ. കെ. വി. കുഞ്ഞിരാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കായുള്ള ട്രൈബൽ ഹെൽത്ത് പ്രോജക്ട് സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിലാണ് ഉള്ളതെന്ന് അറിയിക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ ഇത്തരത്തിലുള്ള ഒരു സ്ഥാപനം ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly